DESPATCHED
On 17/06/2020
7.5.20.



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.669(*7)/2014*/***എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.**3599**/*എസ്.ഐ.സി-ജി* **6/14**
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.അരുൺ ബി**
**ടി.സി 22/153**
**വലിയവിളാകത്ത് വീട്**
**പുത്തൻ കോട്ട**
**മണക്കാട്.പി.ഒ**
**തിരുവനന്തപുരം 695004**
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
**ഓഫിസ് ഓഫ് ദി ഗവർണർ ഓഫ് കേരള/**
**ചാൻസലർ ഓഫ് യൂണിവേഴ്സിറ്റി**
**കേരള രാജ്ഭവൻ**
**തിരുവനന്തപുരം**
2. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ**
**ശ്രീ.ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല**
**കാലടി**
**എറണാകുളം**
3. **അപ്പീൽ അധികാരി**
**കേരള രാജ്ഭവൻ**
**തിരുവനന്തപുരം**

} **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൻമേൽ എസ്.പി.ഐ.ഒ യും അപ്പീൽ അധികാരിയും മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

RIGHT TO INFORMATION

2. 03.12.2013 ൽ ഹർജിക്കാരൻ നൽകിയ 13 ചോദ്യങ്ങൾ ഉൾപ്പെട്ട വിവരാവകാശ അപേക്ഷയ്ക്ക് 04.12.2013 എസ്.പി.ഐ.ഒ മറുപടി നൽകുകയും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ 05.01.2014 ൽ അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കുകയും 15.01.2014 അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തു.ആയതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യ മല്ലാത്തതിനാൽ ഒന്നാം എതിർകക്ഷി സെക്ഷൻ 6(3) പ്രകാരം കാലടി സംസ്കൃത സർവ്വകലാശാലയിലെ എസ്.പി.ഐ.ഒ.യ്ക്ക് അയച്ചു കൊടുക്കു കയും ടി വിവരം ഹർജിക്കാരനെ അറിയിച്ചുവെന്നുമാണ് ബോധിപ്പിച്ചിരിക്കുന്ന ത്.
3. എസ്.പി.ഐ.ഒ. കമ്മീഷനിൽ 07.02.2020 ൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ, ഹർജിക്കാരൻ കേരള രാജ്ഭവനിൽ നിന്നും ആവശ്യപ്പെട്ട രേഖകളെല്ലാം ശ്രീ.ശ ങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയിൽ നിന്നുമാണ് ലഭിക്കേണ്ടതാ ണെന്നുള്ളതിനാൽ എസ്.പി.ഐ.ഒ പ്രസ്തുത അപേക്ഷ കൈമാറിയ നടപടി നിയമാനുസൃതമാണെന്നും ടി അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംസ്കൃതസർവ്വകലാശാല കേരള രാജ്ഭവന് കൈമാറിയിട്ടില്ലെന്നും, അപേക്ഷ കൻ ടി കാര്യങ്ങൾ ആവശ്യപ്പെട്ട് സർവ്വകലാശാലയിലും 4.11.2013 അപേക്ഷ നൽകുകയും, ടി അപേക്ഷ 05.11.2012 തിയതി പിൻവലിക്കുന്നതായും രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നുമാണ്.
4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ ഇതേ ആവശ്യങ്ങൾ ആവശ്യപ്പെട്ട് നൽകിയ വിവരാവകാശ അപേക്ഷ പിൻവലി ച്ചതായി എസ്.പി.ഐ.ഒ റിപ്പോർട്ട് സമർപ്പിച്ചതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമി ല്ലെന്നുകണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2020 മേയ് 07–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM